**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3159 — 10.12.2018-ൽ മറുപടിക്ക്

**കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) കൊട്ടാരക്കരയിലെ സബ് രജിസ്ട്രാർ ആഫീസ് സ്ഥിതി ചെയ്യുന്നത് ആരുടെ അധീനതയിലുള്ള സ്ഥലത്താണെന്നും പ്രസ്തുത സ്ഥലത്തിന് എത്ര വിസ്തീർണ്ണമാണ് ഉള്ളതെന്നും വെളിപ്പെടുത്തുമോ; | എ) കൊട്ടാരക്കര വില്ലേജിൽ റീസർവ്വെ ബ്ലോക്ക് നമ്പർ 23-ൽ സർവ്വെ 96/2-ൽപ്പെട്ട 89.80 ആർ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ട 2.83 ആർ സ്ഥലത്ത് 1983-ൽ രജിസ്ട്രേഷൻ വകുപ്പ് നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. |
| ബി) പ്രസ്തുത ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടം അപകടാവസ്ഥയിൽ ആയതിനാൽ ആഫീസ് മറ്റൊരിടത്തേക്ക് മാറ്റണമെന്ന് പൊതുമരാമത്ത് കെട്ടിടവിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ? | ബി) ഉണ്ട്. പ്രസ്തുത ഓഫീസ് മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സമീപ പ്രദേശത്ത് അനുയോജ്യമായ കെട്ടിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ